# പരമമായ സ്നേഹം അല്ലാഹുവിനോട് മാത്രം

അല്ലാഹുﷻ പറഞ്ഞു:

﴿ وَمِنَ ٱلنَّاسِ مَن يَتَّخِذُ مِن دُونِ ٱللَّهِ أَندَادًا يُحِبُّونَهُمْ كَحُبِّ ٱللَّهِ ﴾

(അല്ലാഹുവിനു പുറമെയുള്ളവരെ അവന് സമന്മാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നതുപോലെ ഈ ആളുകൾ അവരേയും സ്നേഹിക്കുന്നു.........) (വി.ക്വു. 2: 165)

അല്ലാഹുﷻ പറഞ്ഞു:

﴿ قُلْ إِن كَانَ ءَابَآؤُكُمْ وَأَبْنَآؤُكُمْ وَإِخْوَٰنُكُمْ وَأَزْوَٰجُكُمْ وَعَشِيرَتُكُمْ وَأَمْوَٰلٌ ٱقْتَرَفْتُمُوهَا وَتِجَٰرَةٌ تَخْشَوْنَ كَسَادَهَا وَمَسَٰكِنُ تَرْضَوْنَهَآ أَحَبَّ إِلَيْكُم مِّنَ ٱللَّهِ وَرَسُولِهِۦ وَجِهَادٍ فِى سَبِيلِهِۦ فَتَرَبَّصُوا۟ حَتَّىٰ يَأْتِىَ ٱللَّهُ بِأَمْرِهِۦ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴾

((നബിയേ) പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ മക്കളും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവേക്കാളും അവന്റെ ദൂതനേക്കാളും അവന്റെ മാർഗ്ഗത്തിലുള്ള സമരത്തേക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപ്പന കൊണ്ടുവരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധി ക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല) (വി.ക്വു. 9: 24)

അനസ് ഇബ്നു മാലിക്ؓവിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു:

«لاَ يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَلَدِهِ وَوَالِدِهِ وَالنَّاسِ أَجْمَعِينَ».

"തന്റെ സന്താനങ്ങളേക്കാളും പിതാക്കളേക്കാളും മുഴുജനങ്ങളെക്കാളും നിങ്ങൾക്ക് ഞാൻ ഏറ്റവും പ്രിയപ്പെട്ടവൻ ആകുന്നതുവരെ നിങ്ങളിൽ ആരും വിശ്വാസികളാവുകയില്ല" (ബുഖാരി)

അനസ് ഇബ്നു മാലിക്ക്ﷺവിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു:

«ثَلاثٌ مَنْ كُنّ فيهِ وَجَدَ بهن حَلاوَةَ الإيْمان: أَنْ يَكونَ اللّهُ ورسولُه أحبَّ إليهِ مِمّا سِواهُما, وأنْ يُحِبّ المَرْءَ لا يُحِبّهُ إلاّ للهِ, وأنْ يَكرَهَ أنْ يَعودَ في الكُفرِ بعد إذْ أنقذَه الله منه كما يكرَهُ أنْ يُقذَفَ في النّار » وفي رواية «لا يجدُ أحدٌ حَلاوَةَ الإيمانِ حَتّى....». إلى آخره

"മൂന്ന് കാര്യങ്ങൾ ഒരാളിൽ ഉണ്ടായിരുന്നാൽ അയാൾ സത്യവിശ്വാസത്തിന്റെ മാധുര്യം അനുഭവിക്കുന്നതാണ്. അല്ലാഹുവും അവന്റെ ദൂതനും മറ്റെല്ലാറ്റിനേക്കാളും അവന് പ്രിയങ്കരമായിരിക്കുക, അല്ലാഹുവിന് വേണ്ടി ഒരാൾ ഒരാളെ ഇഷ്ടപ്പെടുക, അല്ലാഹു കുഫ്റിൽനിന്ന് തന്നെ രക്ഷപ്പെടുത്തിയതിനുശേഷം അതിലേക്ക് തിരിച്ചുചെല്ലുന്നതിനെ തീയിലേക്ക് താൻ എടുത്തെറിയപ്പെടുന്നതുപോലെ വെറുക്കുക."(ബുഖാരി, മുസ്ലിം) മറ്റൊരു രിവായത്തിൽ "ഒരാളും സത്യവിശ്വാസത്തിന്റെ മാധുര്യം അനുഭവിക്കുകയില്ല......" എന്നാണുള്ളത്.

ഇബ്നു അബ്ബാസ്ﷺവിൽനിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: "ഒരാൾ അല്ലാഹുവിനുവേണ്ടി സ്നേഹിച്ചു, അല്ലാഹുവിനുവേണ്ടി വെറുത്തു, അല്ലാഹുവിനുവേണ്ടി മൈത്രി വെച്ചുപുലർത്തി, അല്ലാഹുവിനുവേണ്ടി വിരോധം വെച്ചുപുലർത്തി. അപ്പോൾ അതിലൂടെയാണ് അല്ലാഹുവിന്റെ വിലായത്ത് നേടിയെടുക്കപ്പെടുന്നത്. ഒരു അടിമയും സത്യവിശ്വാസത്തിന്റെ മാധുര്യം അനുഭവിക്കുകയില്ല, അയാൾ അപ്രകാരം ആകുന്നതുവരെ; അയാളുടെ നമസ്കാരവും നോമ്പും എത്ര വർദ്ധിച്ചാലും ശരി. മുഴുജനങ്ങളുടേയും സഹോദരബന്ധം ഇന്ന് ദുൻയവിയായ കാര്യങ്ങൾ

ക്കായിരിക്കുന്നു. അതാകട്ടെ അതിന്റെ വക്താക്കൾക്ക് യാതൊരു ഉപകാരവും ചെയ്യില്ല''[1]

وقال ابن عباس في قوله تعالى:﴿وَتَقَطَّعَتْ بِهِمُ الأَسْبَابُ﴾ قال: المودة.

(അവർ (ഇരു വിഭാഗവും) തമ്മിലുള്ള ബന്ധങ്ങൾ അറ്റുപോകുകയും ചെയ്യുന്ന സന്ദർഭമത്രെ (അത്).) (വി.ക്വു. 2:166) ഈ വചനത്തിന്റെ വിശദീകരണത്തിൽ ഇബ്നു അബ്ബാസ്ﷺ പറഞ്ഞു: ബന്ധങ്ങൾ എന്നാൽ സ്നേഹം ആകുന്നു.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- സൂറത്തുൽ ബക്വറയിലെ ആയത്തിന്റെ തഫ്സീർ.
- സൂറത്തുൽ ബറാഅയിലെ ആയത്തിന്റെ തഫ്സീർ.
- സ്വന്തത്തേക്കാളും കുടുംബത്തിനേക്കാളും സമ്പത്തിനേക്കാളും നബിﷺയോടുള്ള സ്നേഹത്തിന് പ്രാമുഖ്യം കൽപ്പിക്കൽ നിർബന്ധമാണ്.
- ഒരാളിൽ ഈമാനിനെ നിരാകരിക്കൽ അയാൾ ഇസ്ലാമിൽ നിന്ന് പുറത്താണെന്ന് അറിയിക്കുന്നില്ല.
- തീർച്ചയായും ഈമാനിന് മാധുര്യമുണ്ട്. ചിലപ്പോൾ മനുഷ്യൻ അത് കണ്ടെത്തിയെന്ന് വരും, ചിലപ്പോൾ കണ്ടെത്തിയില്ലെന്ന് വരും.
- ഹൃദയത്തിന്റെ നാലു അമലുകൾ; അവകൊണ്ടല്ലാതെ അല്ലാഹുﷻയുടെ 'വിലായത്ത്' നേടി എടുക്കപ്പെടുകയില്ല, ആരും ഈമാനിന്റെ മാധുര്യം കണ്ടെത്തുകയുമില്ല.
- നിലവിലുള്ള സാഹചര്യത്തെക്കുറിച്ച് സ്വഹാബിക്കുള്ള ബോധം, കാരണം അദ്ദേഹം ''മുഴുജനങ്ങളുടേയും സഹോദരബന്ധം ഇന്ന് ദുൻയവിയായ കാര്യങ്ങൾക്കായിരിക്കുന്നു.'' എന്നു പറഞ്ഞല്ലോ.
- (അവർ (ഇരു വിഭാഗവും) തമ്മിലുള്ള ബന്ധങ്ങൾ അറ്റുപോകുകയും ചെയ്യുന്ന സന്ദർഭമത്രെ (അത്).) (വി.ക്വു. 2:166) എന്നതിന്റെ തഫ്സീർ.
- മുശ്രിക്കുകളിൽ അല്ലാഹുﷻയെ കഠിനമായി സ്നേഹിക്കുന്നവരുണ്ട് എന്ന കാര്യം.

[1] തഫ്സീറു ഇബ്നു ജരീർ. ഈ അഥറിന്റെ സനദിൽ ലൈഥ് ഇബുനു അബീ സുലൈം എന്ന വ്യക്തിയുണ്ട്. അദ്ദേഹം 'ദ്വഈഫ് 'ആണ്.

- അല്ലാഹുﷻയുടെ ദീനിനെക്കാൾ (സൂറത്തു ത്വൗബയിലെ 24ാം ആയത്തിൽ അല്ലാഹുﷻ പറഞ്ഞ) എട്ട് കാര്യങ്ങളെ സ്നേഹിക്കുന്നവർക്കുള്ള താക്കീത്.
- ആരെങ്കിലും അല്ലാഹുﷻക്കൊപ്പം തുല്യനെ സ്വീകരിക്കുകയും അല്ലാഹുﷻയെ സ്നേഹിക്കുന്നതുപോലെ ആ തുല്യനെ സ്നേഹിക്കുകയും ചെയ്താൽ അതത്രെ വലിയശിർക്ക്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**